**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1778** **11-10-2024 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷിക്കാർക്ക് യു.ഡി.ഐ.ഡി കാർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം ജില്ലയിൽ എത്ര ഭിന്നശേഷിക്കാർ ഉണ്ടെന്ന വിവരം ലഭ്യമാക്കാമോ; | (എ) | 2015 ലെ ഭിന്നശേഷി സെൻസസ് പ്രകാരം എറണാകുളം ജില്ലയിൽ 74,127 ഭിന്നശേഷിക്കാർ ഉണ്ട്. |
| (ബി) | പ്രസ്തുത ജില്ലയിൽ അർഹരായ എല്ലാ ഭിന്നശേഷിക്കാർക്കും യു.ഡി.ഐ.ഡി. കാർഡ് ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടി എന്തൊക്കെയെന്ന് വിശദമാക്കാമോ; | (ബി) | പ്രസ്തുത ജില്ലയിൽ അർഹരായ എല്ലാ ഭിന്നശേഷിക്കാർക്കും യു.ഡി.ഐ.ഡി. കാർഡ്ഡു ലഭ്യമാക്കുന്നതിനായി ജില്ലയിൽ വിവിധ പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>എറണാകുളം ജില്ലയിൽ ഇതുവരെ (4/10/2024) = www.swavlambancard.gov.in എന്ന വെബ്സൈറ്റിലൂടെ 39,268 യു.ഡി.ഐ.ഡി. അപേക്ഷകൾ ലഭിച്ചു. 25,787പേർക്ക് യു.ഡി.ഐ.ഡി. കാർഡ്ഡു നൽകി കഴിഞ്ഞു. 6344 ഭിന്നശേഷികാരുടെ യു.ഡി.ഐ.ഡി. അപേക്ഷകളിലെ അപാകത കാരണം തിരുത്തലുകൾക്കായി നൽകിയിട്ടുണ്ട്. ഇത്തരത്തിലെ അപേക്ഷകരെ കണ്ടെത്തി അപാകത പരിഹരിക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ അദാലത്തുകൾ സംഘടിപ്പിച്ചു വരുന്നു. 3110 അപേക്ഷകൾ ഭിന്നശേഷി മെഡിക്കൽ ബോർഡ് നിരസിച്ചിട്ടുണ്ട്. ബാക്കി അപേക്ഷകൾ തീർപ്പാക്കുന്നതിനായി കേരള സാമൂഹ്യസുരക്ഷ മിഷൻ വഴി ക്യാമ്പുകൾ നടന്നു വരുന്നു. ജില്ല മെഡിക്കൽ ഓഫീസ് വഴി തീർപ്പാക്കുന്നതിനുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള തീവ്ര പ്രയത്നത്തിൽ ആണ്. ഇതിനായി ജില്ലാ മെഡിക്കൽ ഓഫീസുകളിൽ കെ.എസ്.എസ്.എം. മുഖേന ഡാറ്റ എൻട്രി ഓപ്പറേറ്റർമാരെ നിയമിച്ചിട്ടുണ്ട്.<br><br>യു.ഡി.ഐ.ഡി. കാർഡിനായി ഇനിയും രജിസ്റ്റർ ചെയ്യാനുള്ള ഭിന്നശേഷിക്കാരെ കണ്ടെത്തുന്നതിനും രജിസ്ട്രേഷൻ ഉറപ്പിക്കുന്നതിനും തന്മുദ്ര എന്ന പേരിൽ ഒരു വെബ്സൈറ്റ് ആരംഭിച്ചിട്ടുണ്ട്. ഈ വെബ്സൈറ്റ് മുഖേന രജിസ്ട്രേഷൻ ക്യാമ്പയിൻ നടന്നുവരുന്നു. |

| | | | |
|---|---|---|---|
| | | | അതിലൂടെ സംസ്ഥാനത്തെ എല്ലാ ഭിന്നശേഷിക്കാരുടെ സർവേയും നടത്തുന്നു. എൻ.എസ്.എസ്.എസ്. വോളന്റിയർമാരുടെയും അംഗനവാടി പ്രവർത്തകരുടെയും സഹകരണത്തോടെയാണ് രജിസ്ട്രേഷൻ പ്രവർത്തനം നടക്കുന്നത്. |
| (സി) | വൈപ്പിൻ മണ്ഡലത്തിൽ നിലവിൽ എത്ര ഭിന്നശേഷിക്കാർ ഉണ്ടെന്നും അതിൽ എത്രപേർ പ്രസ്തുത കാർഡിനായി അപേക്ഷിച്ചിട്ടുണ്ടെന്നും അതിൽ എത്ര പേർക്ക് ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ? | (സി) | നിയോജകമണ്ഡലാടിസ്ഥാനത്തിൽ അപേക്ഷകരുടെ വിവരം ക്രോഡീകരിച്ചിട്ടില്ല.<br><br>യു.ഡി.ഐ.ഡി. അപേക്ഷകരുടെ വിവരം www.swavlambancard.gov.in എന്ന വെബ്സൈറ്റ് വഴിയാണ് ലഭിക്കുന്നത്. |

സെക്ഷൻ ഓഫീസർ